(Pages : 3)

B – 3202

Reg. No. : .....

Name : .....

First Semester B.A./B.Sc./B.Com. Degree Examination, December 2016
(Career Related First Degree Programme Under CBCSS)
Group 2(a)
Language Course – II : Additional Language – I
ML 1111.3 : GADYASAHITHYAM
(2014 Admn. Onwards)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1) 'ഒരു വഴിയും കുറെ നിഴലുകളും' എന്ന നോവൽ രചിച്ചതാര് ?

2) വെള്ളായിയപ്പന്റെ ഗ്രാമത്തിന്റെ പേര് ?

3) 'ശബ്ദിക്കുന്ന കലപ്പ'യിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം ?

4) 'ഗോളാന്തരങ്ങളെ തമ്മിലിണക്കുന്ന ഒരു മഹാമാന്ത്രികാലയം' എന്നു നിതീഷ് കുമാർ പറയുന്നത് എന്തിനെക്കുറിച്ചാണ് ?

5) 'കയർ' എന്ന നോവലിന്റെ കേന്ദ്രബിന്ദു എന്ത് ?

6) ഇന്റർനെറ്റിന്റെ വലിയ പ്രത്യേകത എന്ത് ?

7) 'കവിതയും ചെറുകഥയും നോവലും നാടകവുമെല്ലാം മനുഷ്യജീവിതാഖ്യായികകളാണ് ' – ആരുടേതാണ് ഈ വരികൾ ?

8) 'പ്രൊമിത്യൂസിന്റെ കരൾ' എന്ന ലേഖനം ആരെക്കുറിച്ചാണ് പ്രതിപാദിക്കുന്നത് ?

9) ശരിയായ പദം എടുത്തെഴുതുക.

A) തത്വം – തത്ത്വം

B) കൊലപാതകം – കുലപാതകം

10) വാക്യശുദ്ധി വരുത്തുക.

A) വയസ്സുചെന്ന ഒരു കിഴവി ഇന്നലെ ഇവിടെ വന്നിരുന്നു.

B) ചോര പുരണ്ട പ്രതിയുടെ വസ്ത്രങ്ങൾ പോലീസ് കണ്ടെടുത്തു. **(10×1=10 മാർക്ക്)**

All Saints' College Trivandrum

P.T.O.

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) കാലഘട്ടത്തിന്റെ അഭിരുചിയെ നവീകരിക്കാൻ കേസരി നടത്തിയ പ്രചാരവേല എന്ത് ?

12) എൻ. കൃഷ്ണപിള്ള നാടകത്തിന് കണ്ടെത്തുന്ന സവിശേഷ സ്വഭാവമെന്ത് ?

13) പുതിയ സംവിധായകർ നേരിടുന്ന പ്രശ്നത്തെ കെ. ജി. ജോർജ് നോക്കിക്കാണുന്നതെങ്ങനെ ?

14) മാധ്യമസമന്വയം എന്നാലെന്ത് ?

15) കാലത്തിന്റെ കാൽപെരുമാറ്റങ്ങളുടെ അത്ഭുതം നിറഞ്ഞ കാഴ്ച 'കയറി'ൽ കാണാൻ കഴിയുന്നതെങ്ങനെ ?

16) 'പ്രപഞ്ചം ശൂന്യം. ഇല്ല, പ്രപഞ്ചത്തിന് ഒന്നും സംഭവിച്ചിട്ടില്ല' – മജീദിന്റെ ഈ തോന്നലിന് പിന്നിലെ സത്യമെന്ത് ?

17) 'കളിയല്ല, കാര്യമാണ് പറയുന്നത്. നമ്മൾ രണ്ടു ലോകങ്ങളിലാണ് ജീവിക്കുന്നത്' – ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

18) 'കണ്ണൂരിലേയ്ക്കുള്ള വെള്ളായിയപ്പന്റെ തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നു' – വ്യക്തമാക്കുക.

19) രാമൻ ചെയ്തത് ഗുരുനിന്ദയാണ്. ഉമിത്തീയിൽ ദഹിച്ചാലും തീരാത്ത പാപകർമ്മമാണത് – സന്ദർഭം വ്യക്തമാക്കുക.

20) തിയ്യാടി പെൺകുട്ടി വി. ടി. യുടെ ജീവിതത്തിൽ വരുത്തിയ മാറ്റമെന്ത് ?

21) 'ആരോരുമില്ലാത്തവരുടെ സങ്കടങ്ങൾ കൈകാര്യം ചെയ്യലാണ് ഈ പാവം ഷിജിമോളുടെ വിധി' – കഥാസന്ദർഭം വ്യക്തമാക്കുക.

22) 'മോളേ, എനിക്ക് നിന്നെപ്പോലെ അവനും' – എന്ന് ഔസേപ്പുചേട്ടൻ പറയാൻ കാരണമെന്ത് ?

(8×2=16 മാർ

III. **ഓരോന്നിനും 120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23) വെള്ളായിയപ്പനും കണ്ടുണ്ണിയും മൗനമായി കൈമാറിയ അറിവെന്ത് ? വ്യാഖ്യാനിക്കുക.

24) കമലാക്ഷൻ നായർക്കും ഭാര്യയ്ക്കും പുതിയ അടയാള വാക്യം കിട്ടുന്നതെങ്ങനെ ?

All Saints' College Trivandrum

25) കേസരിയുടെ വിപ്ലവജീവിതത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

26) മരുമക്കത്തായത്തിന്റെ അവസ്ഥ 'കയറി'ൽ തകഴി ചിത്രീകരിക്കുന്നതെങ്ങനെ ?

27) നാടകത്തിന്റെ പ്രധാന പരിമിതികൾ എന്തെല്ലാം ?

28) സ്ത്രീമനസ്സിന്റെ പ്രണയാർദ്രമായ അന്തർഗതങ്ങളുടെ ചിത്രീകരണമാണ് 'ഒരധ്യാപിക ജനിക്കുന്നു' എന്ന കഥ – വ്യക്തമാക്കുക.

29) കാളയും കർഷകനും തമ്മിലുള്ള ബന്ധത്തിന്റെ ജൈവികദാർഢ്യമാണ് 'ശബ്ദിക്കുന്ന കലപ്പ'യിലെ കേന്ദ്രപ്രമേയം – സമർത്ഥിക്കുക.

30) 'വിജ്ഞാനം നേടിയേ അടങ്ങൂ' എന്നു വി. ടി. ശപഥം ചെയ്യാൻ കാരണമെന്ത് ?

31) **ഇംഗ്ലീഷിൽ** നിന്ന് **മലയാള**ത്തിലേയ്ക്ക് തർജമ ചെയ്യുക.

In this contest what is your work, what is your role and what is your responsibility in our democracy ? Education plays the greatest part in our democracy. You, teachers have to train and mould the minds of our young people so as to make them worthy citizen and democratic state. Whatever training you give them you change the nation that change must make for a better and healthier nation that means that a tremendous nation. That means that a tremendous responsibility rests up on the teachers.

(6×4=24 മാർക്ക്)

All Saints' College Trivandrum

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉത്തരം എഴുതുക.

32) നീതിരാഹിത്യം മനുഷ്യന് നൽകുന്ന സങ്കീർണസംഘർഷങ്ങൾ 'കടൽത്തീരത്ത്' എന്ന കഥയിൽ പ്രതിഫലിക്കുന്നതെങ്ങനെ ?

33) നാടകത്തിന്റെ സവിശേഷതകളെക്കുറിച്ചുള്ള എൻ. കൃഷ്ണപിള്ളയുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

34) സമുദായ ജീവിതത്തിന്റെ ദൈന്യതയും വിപ്ലവത്തിന്റെ അനിവാര്യതയുമാണ് 'കണ്ണീരും കിനാവും' എന്ന ആത്മകഥയുടെ ഉള്ളടക്കം – വിശദമാക്കുക.

35) മലയാളചലച്ചിത്ര നിർമാണം നേരിടുന്ന പ്രശ്നങ്ങളെ കെ. ജി. ജോർജ് അപഗ്രഥിക്കുന്നതെങ്ങനെ ? ചർച്ച ചെയ്യുക.

(2×15=30 മാർക്ക്)